"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റ പണികൾ നടത്തുന്നതിന് കാർഷിക യന്ത്രവൽക്കരണ മിഷന്റെ സേവനം പ്രയോജനപ്പെടുത്തുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1216/2023/LSGD തീയതി,തിരുവനന്തപുരം, 12-06-2023

---

പരാമർശം:-
1. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022
2. തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറുടെ 08.11.2022ലെ PAN/16718/2022-J6(DP) നമ്പർ റിപ്പോർട്ട്
3. സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് കൺവീനറുടെ 03.06.2023ലെ നമ്പർ റിപ്പോർട്ട്

## ഉത്തരവ്

കേടാകുന്ന കാർഷിക യന്ത്രോപകരണങ്ങൾ യഥാസമയം അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കാൻ കഴിയുന്നില്ല എന്നത് കേരളത്തിലെ കാർഷിക മേഖല അഭിമുഖീകരിക്കുന്ന ഒരു പ്രധാന പ്രശ്നമാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള ഒരു ശ്രമമെന്ന നിലയിൽ യന്ത്രോപകരണങ്ങളുടെ റിപ്പയറിംഗിന് ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച പരാമർശിത മാർഗ്ഗരേഖ [ഖണ്ഡിക 6.1 (38)] പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അത് പ്രകാരം കാർഷിക യന്ത്രോപകരണങ്ങളും ജലസേചന മോട്ടാറുകളും റിപ്പയർ ചെയ്യുന്നതിനുള്ള പ്രോജക്ട് അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ജില്ലയിലെ യൂണിറ്റുകളെ ഏൽപ്പിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിലവിൽ അനുവാദം നൽകിയിട്ടുണ്ട്.

2. കാർഷികയന്ത്രങ്ങളുടെ കണക്കെടുപ്പ് നടത്തി പ്രവർത്തന രഹിതമായ യന്ത്രങ്ങൾ കണ്ടെത്തി പ്രവർത്തന ക്ഷമമാക്കുക, സേവനദായകർക്ക് പരിശീലനം നല്കുക, കാർഷിക സേവന കേന്ദ്രങ്ങളുടെ ബിസിനസ്സ് പ്ലാൻ തയ്യാറാക്കുക, നൂതന കാർഷിക യന്ത്രങ്ങൾ ആവിഷ്കരിച്ച് വികസിപ്പിച്ചെടുക്കുക മുതലായ പ്രവർത്തനങ്ങൾ ലക്ഷ്യം വെച്ച് കൃഷി വകുപ്പിന്റെ കീഴിൽ കേരള സംസ്ഥാന കാർഷിക യന്ത്രവത്ക്കരണ മിഷൻ രൂപീകരിച്ചിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ വിവിധ പദ്ധതികളിലൂടെ കർഷകർക്കും കർഷക കൂട്ടായ്മകൾക്കും, പാടശേഖര സമിതികൾക്കും നല്കിയിട്ടുള്ള കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റ പണികൾ നടത്തുന്നതിന്, പരാമർശിത മാർഗ്ഗരേഖ ഖണ്ഡിക 6.1(38)ലെ നിബന്ധനകൾക്ക് വിധേയമായി, കാർഷിക യന്ത്രവൽക്കരണ മിഷന്റെ സേവനം പ്രയോജനപ്പെടുത്തുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
5. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഗ്രാമവികസന കമ്മീഷണർ
10. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. കൃഷി വകുപ്പ്
22. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 14-06-2023 10:51:19
സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു. തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്